"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ഞാങ്ങാട്ടൂർ എ.യു.പി. സ്കൂളിലെ അധ്യാപകരായ ശ്രീമതി. ഭാവന രമേശ്, ശ്രീമതി. ഗീത സി., ശ്രീമതി ബീന എസ്.കെ., ശ്രീമതി. ജ്യോതിലക്ഷ്മി പി.ജി., ശ്രീമതി. നന്ദിനി വി.കെ. എന്നിവർ ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിച്ചുകൊണ്ട് WP(C) No. 32120/2023, WP(C) No. 6624/2024 എന്നിവയിലെ ബഹു. കേരള ഹൈക്കോടതിയുടെ വിധിന്യായങ്ങൾ നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1891/2026/GEDN** തീയതി, തിരുവനന്തപുരം, 04-03-2026

---

പരാമർശം:-

1. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 32120/2023-ലെ 05/03/2025 തീയതി വിധിന്യായം.
2. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No. 6624/2024-ലെ 16/03/2025 തീയതി വിധിന്യായം.
3. തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 21/03/2025 തീയതിയിലെ AEOTRL/835/2024-C നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 15/10/2025 തീയതിയിലെ DGE/18278/2025-VA5 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ (ബി) വകുപ്പിന്റെ 27/12/2025, 19/01/2026 തീയതികളിലെ GEDN-B3/80/2025-G.EDN നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/01/2026 തീയതിയിലെ DGE/18278/2025-VA5 നമ്പർ കത്ത്.

**ഉത്തരവ്**

ബഹു. ഹൈക്കോടതിയുടെ പരാമർശം (1), (2) വിധിന്യായങ്ങളിലെ കോടതി നിർദ്ദേശം നടപ്പിലാക്കുന്നത് സംബന്ധിച്ച് പാലക്കാട് ജില്ലയിലെ തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഉപജില്ലയിലെ ഞാങ്ങാട്ടൂർ എ.യു.പി. സ്കൂളിലെ 5 അധ്യാപികമാർ, ശ്രീമതി. ഭാവന രമേശ്, ശ്രീമതി. ഗീത സി., ശ്രീമതി ബീന എസ്.കെ., ശ്രീമതി. ജ്യോതിലക്ഷ്മി പി.ജി., ശ്രീമതി. നന്ദിനി വി.കെ. എന്നിവർ അനധികൃതമായി ജോലിക്ക് ഹാജരാകാതിരുന്ന കാലയളവ് ക്രമീകരിച്ച നൽകുന്നതിൽ തുടർനടപടികളിൽ ആവശ്യപ്പെട്ടുകൊണ്ട് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (3) കത്ത് പ്രകാരം ടിയാളുകളുടെ അപേക്ഷയും അനുബന്ധരേഖകളും

സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

2. ശ്രീമതി. ഭാവന രമേശ്, ശ്രീമതി. ഗീത സി., ശ്രീമതി ബീന എസ്.കെ., ശ്രീമതി. ജ്യോതിലക്ഷ്മി പി.ജി. എന്നിവർ ചേർന്ന് ഫയൽ ചെയ്ത WP(C) No. 32120/2023-ൽ 05/03/2025 ലെ വിധിന്യായം ചുവടെപ്പറയും വിധമാണ്:

The writ petition is therefore disposed of directing respondents 2 to 4 to consider regularization of the period of Leave Without Allowance/ absence of the petitioners appropriately. Orders in this regard shall be passed within a period of one month. The petitioners shall be paid eligible salary thereafter along with eligible arrears of salary. The petitioners will be at liberty to challenge the penalty imposed on them appropriately.

ടി റിട്ട് ഹർജിയിലെ കക്ഷികളായ ശ്രീമതി. ഭാവന രമേശ് സമർപ്പിച്ച 27/05/2005 മുതൽ 26/05/2006 വരെ ശൂന്യവേതന അവധി അപേക്ഷ (with Medical Certificate), ശ്രീമതി. ഗീത സി., ശ്രീമതി ബീന എസ്.കെ., ശ്രീമതി. ജ്യോതിലക്ഷ്മി പി.ജി. എന്നിവരുടെ 31/05/2005 മുതൽ 30/05/2006 വരെ ശൂന്യവേതന അവധി അപേക്ഷ (without Medical Certificate) എന്നിവയിൽ ഒരു മാസത്തിനകം തീരുമാനം കൈക്കൊള്ളുന്നതിന് പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടർ, തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർക്ക് കോടതി നിർദ്ദേശം നൽകിയിരുന്നു.

3. ശ്രീമതി. നന്ദിനി വി.കെ. ഫയൽ ചെയ്ത WP(C) No. 6624/2024-ൽ 16/03/2025 ലെ വിധിന്യായം ചുവടെപ്പറയും വിധമാണ്:

Taking into consideration the judgement in WP (C) No.32120 of 2023 and taking into consideration the facts of the case, this writ petition is disposed of directing the respondents to make available monetary benefits to the petitioner consequent to Ext.P1 approval granted to her appointment with effect from 2016. Against Ext.P8 order, the petitioner may file revision petition and the said issue will be governed by the decision, if any, taken by the revisional authority.

മേൽവിധിന്യായം പ്രകാരം ഞാങ്ങാട്ടൂർ എ യു പി സ്കൂളിലെ റിട്ട. ഹെഡ്മിസ്ട്രസ് ആയിരുന്ന ശ്രീമതി. നന്ദിനി വി.കെ. യ്ക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനായി ടിയാളുടെ 31/05/2005 മുതൽ 02/04/2006 വരെയുള്ള അവധി കാലയളവ് ക്രമീകരിക്കേണ്ടത് എങ്ങനെയെന്ന് നിർദ്ദേശിച്ച് ഉത്തരവാകണമെന്ന് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ പരാമർശം (3) കത്തിൽ ആവശ്യപ്പെട്ടിരുന്നു.

4. മേൽ പരാമർശിച്ച അധ്യാപകരുടെ ഹാജരില്ലായ്മ കാലയളവ് ഉചിതമായ രീതിയിൽ ക്രമീകരിക്കുവാനാണ് ബഹു. കോടതി ഉത്തരവായിരിക്കുന്നത്. ഇതിലേക്കായി അപേക്ഷകർ സമർപ്പിച്ചിരുന്ന/സമർപ്പിക്കുന്ന അവധി അപേക്ഷകൾ, മറ്റ് അനുബന്ധ രേഖകൾ, ടി കാലയളവിൽ ടിയാളുകൾ വിദേശത്ത് പോവുകയോ ഇൻഡ്യക്കകത്തോ പുറത്തോ പ്രതിഫലം ലഭിക്കുന്ന മറ്റ് ജോലികളിൽ ഏർപ്പെടുകയോ ചെയ്തിട്ടുണ്ടോ എന്നത് സംബന്ധിച്ച പരാമർശം

(4) റിപ്പോർട്ട്, പാസ്പോർട്ടുകളുടെ പകർപ്പ്, തിരികെ പ്രവേശിച്ച തീയതി ഉൾപ്പെടെ കൃത്യമായി അപ്ഡേറ്റ് ചെയ്ത സേവന പുസ്തകങ്ങൾ, എന്നിങ്ങനെയുള്ള രേഖകൾ സർക്കാർ ഇക്കാര്യത്തിൽ വിശദമായി പരിശോധിച്ചു.

കെ.എസ്.ആർ., ഭാഗം ഒന്ന്, ചട്ടം 65 പ്രകാരം അവധി ഒരു അവകാശമല്ല. ഒരു ജീവനക്കാരന്റെ അവധി അനുവദിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള അധികാരിയിൽ തന്നെ ഏതിനത്തിൽപ്പെടുന്ന അവധിയും നിരസിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള വിവേചനാധികാരം നിക്ഷിപ്തമാണ്. കൂടാതെ കെ.എസ്.ആർ., ഭാഗം I ചട്ടം 117 ന് താഴെയുള്ള കുറിപ്പ് 1 പ്രകാരം ടി ചട്ടപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചതു കൊണ്ടു മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥന് അവധി ലഭിക്കുന്നതിനുള്ള അവകാശം ലഭിക്കുന്നില്ല എന്ന് വ്യക്തമാക്കുന്നു. അവധി അനുവദിക്കാൻ ചുമതലപ്പെട്ട അധികാരിക്ക് ഹാജരാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ ആധികാരികതയിൽ വിശ്വാസമുള്ള പക്ഷം മാത്രമേ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള അവധി അനുവദിക്കേണ്ടതുള്ളൂ. ഈ കേസിൽ രണ്ടാം വൈദ്യ പരിശോധനയിൽ ടി അധ്യാപകർ ലഭ്യമാക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ വിശ്വാസ്യത ഉറപ്പുവരുത്തുവാനാകാത്തതിനാലും അപേക്ഷകർ മനപൂർവ്വം ചട്ടലംഘനം നടത്തി എന്ന് ബോധ്യപ്പെട്ട് അനധികൃത ഹാജരില്ലായ്മയ്ക്ക് അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാലും ടി കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേൽ ശൂന്യവേതനാവധിയായി ക്രമീകരിക്കേണ്ടതില്ല.

തുടർന്ന്, ശ്രീമതി. ഭാവന രമേശിൽ നിന്നും 27.05.2006 മുതൽ 04.06.2006 വരെയുള്ള ശൂന്യവേതന അവധി അപേക്ഷ ലഭ്യമാക്കുന്നതിന് പരാമർശം (5) പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നേരിട്ടും നൽകിയ നിർദ്ദേശത്തെ തുടർന്ന്, പരാമർശം (3) ലെ അവധി അപേക്ഷക്കു പുറമേ, പരാമർശം (6) കത്തിൽ ശ്രീമതി. ഭാവന രമേശ് സ്കൂൾ പ്രധാനാധ്യാപകൻ മുഖേന സമർപ്പിച്ചിട്ടുള്ള, 27.05.2006 മുതൽ 04.06.2006 വരെ 9 ദിവസം ശൂന്യവേതന അവധിക്കായുള്ള അപേക്ഷ കൂടി സർക്കാരിൽ ലഭ്യമാക്കിയിരുന്നു.

**5.** മേൽ സാഹചര്യത്തിൽ, പാലക്കാട് ഞാങ്ങാട്ടൂർ എ.യു.പി. സ്കൂളിലെ യു. പി. എസ്. ടി. ശ്രീമതി. ഭാവന രമേശ് ജോലിക്ക് ഹാജരാകാതിരുന്ന 27.05.2005 മുതൽ 04.06.2006 വരെയുള്ള കാലയളവും എൽ. പി. എസ്. ടി. ശ്രീമതി നന്ദിനി വി.കെ. (റിട്ട. ഹെഡ്മിസ്ട്രസ്), എൽ. പി. എസ്. ടി. ശ്രീമതി. ജ്യോതി ലക്ഷ്മി പി.ജി., എൽ. പി. എസ്. ടി. ശ്രീമതി. ബീന എസ്.കെ., യു. പി. എസ്. ടി. ശ്രീമതി ഗീത സി., എന്നീ അധ്യാപകർ ജോലിക്ക് ഹാജരാകാതിരുന്ന 31.05.2005 മുതൽ 04.06.2006 വരെയുള്ള കാലയളവും ഇൻക്രിമെന്റ്, ഹയർഗ്രേഡ്, പെൻഷൻ, ആർജിതാവധി എന്നിവയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെയുള്ള ശൂന്യവേതനാവധി കെ.എസ്.ആർ., ഭാഗം I, ചട്ടം 88 പ്രകാരം അനുവദിച്ചുകൊണ്ട്, അപ്രകാരം ബഹു. ഹൈക്കോടതി മുൻപാകെ ശ്രീമതി. ഭാവന രമേശ്, ശ്രീമതി. ഗീത സി., ശ്രീമതി ബീന എസ്.കെ., ശ്രീമതി. ജ്യോതിലക്ഷ്മി പി.ജി. എന്നിവർ ചേർന്ന് ഫയൽ ചെയ്ത WP(C) No. 32120/2023-ൽ 05/03/2025 ലെ വിധിന്യായം, ശ്രീമതി. നന്ദിനി വി.കെ. ഫയൽ ചെയ്ത WP(C) No. 6624/2024-ൽ 16/03/2025 ലെ വിധിന്യായം എന്നിവ നടപ്പിലാക്കുന്നതിന് തൃത്താല ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

M RATHEESH
അണ്ടർ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 679 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, ഒറ്റപ്പാലം, പാലക്കാട് - 679 101.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൃത്താല, പാലക്കാട് 679 534.
മാനേജർ, എ. യു. പി. സ്കൂൾ, ഞാങ്ങാട്ടൂർ, ഞാങ്ങാട്ടിരി പി. ഒ., പാലക്കാട് - 679 303.
ശ്രീമതി. ഭാവന രമേശ്, യു. പി. എസ്. ടി., എ. യു. പി സ്കൂൾ, ഞാങ്ങാട്ടൂർ, ഞാങ്ങാട്ടിരി പി. ഒ., പാലക്കാട് - 679 303.
ശ്രീമതി. ഗീത സി., യു. പി. എസ്. ടി., എ.യു.പി. സ്കൂൾ, ഞാങ്ങാട്ടൂർ, ഞാങ്ങാട്ടിരി പി.ഒ., പാലക്കാട് - 679 303.
ശ്രീമതി. ബീന എസ്. കെ., എൽ. പി. എസ്. ടി., എ. യു. പി. സ്കൂൾ, ഞാങ്ങാട്ടൂർ, ഞാങ്ങാട്ടിരി പി. ഒ., പാലക്കാട് - 679 303.
ശ്രീമതി. ജ്യോതി ലക്ഷ്മി പി. ജി., എൽ. പി. എസ്. ടി., എ. യു. പി. സ്കൂൾ, ഞാങ്ങാട്ടൂർ,ഞാങ്ങാട്ടിരി പി. ഒ., പാലക്കാട് - 679 303.
ശ്രീമതി. നന്ദിനി വി.കെ. (റിട്ട. ഹെഡ്മിസ്ട്രസ്, എ. യു. പി. സ്കൂൾ, ഞാങ്ങാട്ടൂർ), പനമ്പട്ട ഹൌസ്, ഞാങ്ങാട്ടിരി പി. ഒ., പട്ടാമ്പി, പാലക്കാട് - 679 303.
ധനകാര്യ (വിദ്യാ എ) വകുപ്പ് (10/12/2025 തീയതിയിലെ 3141157: EDN-A1/82/2025-FIN കുറിപ്പ്).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Indulekha C
സെക്ഷൻ ഓഫീസർ
Date: 04-03-2026 15:05:47